# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2114 — 11.06.2018-ൽ മറുപടിയ്ക്ക്

**കേരള സർക്കാർ പ്രസ്സുകളുടെ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾ**

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി: | | | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) | കേരള സർക്കാർ പ്രസ്സുകളുടെ സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂളിൽ മെഷിൻ വിഭാഗത്തിലെ കാറ്റഗറി 3 ലെ അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ ഫീഡർ തസ്തികയായി ഓഫ് സെറ്റ് പ്രിന്റിംഗ് മെഷിൻ ഓപ്പറേറ്റർ ഗ്രേഡ് ഒന്നിനെ കൂടി ഉൾപ്പെടുത്തുന്നതാണെന്ന് പ്രിന്റിംഗ് ആൻഡ് സ്റ്റേഷനറി വകുപ്പ് സെക്രട്ടറി നൽകിയ ഉറപ്പ് നടപ്പിലാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | കോടതിയലക്ഷ്യ കേസിൽ സമയപരിധി പാലിച്ചുകൊണ്ട് കരട് ചട്ടങ്ങൾ അന്തിമമാക്കി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടിവന്നതിനാൽ , പ്രസ്തുത ചട്ടങ്ങൾ പ്രസിദ്ധീകരിച്ചതിൽ ഒഴിവാക്കലുകളും തെറ്റുകളും ഉണ്ടായിട്ടുണ്ട്. അവ പരിഹരിക്കുന്നതിന് നിരവധി ഹർജികളും ലഭിച്ചിരുന്നു. അവയുടെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ/ തിരുത്തലുകൾ മുഴുവൻ ക്രോഡീകരിച്ച് കരട് ഭേദഗതി ചട്ടങ്ങൾ തയ്യാറാക്കി 30.06.2018 നകം ലഭ്യമാക്കാൻ അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭേദഗതി നടപ്പിലാക്കാത്തതുമൂലം പ്രിൻറർ സീനിയർ ഗ്രേഡിന്റെയും ഓപ്പറേറ്റർ ഗ്രേഡ് ഒന്നിന്റെയും സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയർ ആയ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷിൻ ഓപ്പറേറ്റർ ഗ്രേഡ് ഒന്നിനെ മറികടന്നുകൊണ്ട് ജൂനിയർ ആയ എത്ര പ്രിൻറർ സീനിയർ ഗ്രേഡ് ഒന്നുകാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; ഈ അപാകത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഭേദഗതി നടപ്പിലാക്കാത്തതുമൂലം പ്രിൻറർ സീനിയർ ഗ്രേഡിന്റെയും ഓഫ് സെറ്റ് പ്രിന്റിംഗ് മെഷിൻ ഓപ്പറേറ്റർ ഗ്രേഡ് ഒന്നിന്റെയും സംയുക്ത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയർ ആയ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷിൻ ഓപ്പറേറ്റർ ഗ്രേഡ് ഒന്നിനെ മറികടന്നുകൊണ്ട് ജൂനിയർ ആയ 21 സീനിയർ ഗ്രേഡ് പ്രിന്റർമാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സർക്കാർ പ്രസ്സുകളിൽ ഓഫ് സെറ്റ് പ്രിൻറിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II ന്റെ എത്ര ഒഴിവുകൾ ഉണ്ട്;ഈ ഒഴിവുകൾ ഏത് തീയതി മുതലാണ് നിലവിൽ വന്നത്;ഓഫ് സെറ്റ് പ്രിൻറിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II ന്റെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | 10 ഒഴിവുകളുണ്ട്. 30.09.2016- ൽ നിലവിൽ വന്ന 7 ഒഴിവുകൾ 25.5.2017- ൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്ത 4 ഒഴിവുകൾ 15.10.2009- ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ